**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5074

22.05.2017- ൽ മറുപടിയ്ക്ക്

**തൃക്കണ്ണാട് ഫിഷറീസ് വകുപ്പിന്റെ സ്ഥലം കൈയ്യേറി കെട്ടിടം നിർമ്മിച്ചതിനെതിരെ നടപടി**

ചോദ്യം
**ശ്രീ. കെ. കുഞ്ഞിരാമൻ**

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ ഉദുമ പഞ്ചായത്തിൽ തൃക്കണ്ണാട് ക്ഷേത്രത്തിന് മുൻവശം RS:No.237/11 ൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം സ്വകാര്യ വ്യക്തി കൈയ്യേറി കെട്ടിടം നിർമ്മിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഫിഷറീസ് വകുപ്പ് പ്രസ്തുത സ്ഥലം ഒഴിപ്പിച്ച് തരണമെന്നാവശ്യപ്പെട്ട് ജില്ലാ ഭരണകൂടത്തിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(സി) ഈ വിഷയത്തിൽ റവന്യൂ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം അറിയിക്കാമോ? | (ബി) & (സി) | ഉണ്ട്. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്, ഫിഷറീസ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്, ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം എന്നിവർ ജില്ലാ ഭരണകൂടത്തിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും കയ്യേറ്റം നടന്നുവെന്ന് കണ്ടെത്തുകയും ചെയ്തതിനെ തുടർന്ന് കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**